(സി) പദ്ധതിയുടെ കാലാവധി എത്രയാണ് ;

(ഡി) ഇതിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര കോടി രൂപയാണ് ;

(ഇ) ഈ പദ്ധതി എന്നുമുതൽ നടപ്പാക്കി തുടങ്ങും ?

ഉത്തരം

(എ) ലോകപരിസ്ഥിതി നിധിയുടെയും (ഗ്ലോബൽ എൺവയോൺമെന്റൽ ഫെസിലിറ്റി) ലോകബാങ്കിന്റെയും ധനസഹായത്തോടുകൂടി തേക്കടി കടുവ സങ്കേതത്തിലും പരിസര പ്രദേശങ്ങളിലും ഇക്കോ ഡവലപ്മെന്റ് പദ്ധതി നടപ്പിലാക്കുവാൻ പരിപാടിയുണ്ട്.

(ബി) കടുവാ സങ്കേതത്തിൽ വന്യജീവികളുടെ ആവാസ വ്യവസ്ഥ പരിരക്ഷിക്കുന്നതിനും സമ്പുഷ്ടമാക്കുന്നതിനും കർമ്മപരിപാടികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പംതന്നെ കടുവ സങ്കേതത്തിനകത്തും അതിർത്തിപ്രദേശത്തും താമസിക്കുന്ന ജനങ്ങളുടെ വരുമാനവും, ജീവിതനിലവാരവും, തൊഴിൽസാദ്ധ്യതകളും വർദ്ധിപ്പിക്കുന്നതിനുവേണ്ട കർമ്മപരിപാടികളും ഈ പദ്ധതിയിൽ ഉണ്ട്. ഇപ്രകാരം വനാന്തരങ്ങളിലും സമീപ പ്രദേശത്തും താമസിക്കുന്ന ജനങ്ങൾ ധനാഗമമാർഗ്ഗങ്ങൾക്കുവേണ്ടി വനത്തെ ആശ്രയിക്കുന്നത് കുറയ്ക്കുവാനും അവരുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും വനസംരക്ഷണം കാര്യക്ഷമമാക്കുകയും ചെയ്യുന്നതിനും വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) അഞ്ചുവർഷം.

(ഡി) പെരിയാർ ടൈഗർ റിസർവിൽ ഈ പദ്ധതിക്ക് മൊത്തം വേണ്ടി വരുന്ന 29.9 കോടി രൂപയിൽ 9.57 കോടി രൂപ ജി.ഇ.എഫ്. ഗ്രാന്റ് പ്രകാരവും 13.45 കോടി രൂപ ലോകബാങ്കിൽ നിന്നും പലിശ കുറഞ്ഞ വായ്പയായും 3.44 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് ലഭിക്കുമെന്ന് പദ്ധതിയിൽ വ്യവസ്ഥയുണ്ട്. 3.44 കോടി രൂപ കേരള സർക്കാരിന്റെ വിഹിതമാണ്.

(ഇ) 1996 ഒക്ടോബർ മാസം മുതൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

വനസംരക്ഷണത്തിന് പദ്ധതി

32. [1518] ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട വികസന പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് വനങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) വനങ്ങളിലെ ഇക്കോസിസ്റ്റത്തിലൂടെ വനസംരക്ഷണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടി പദ്ധതിയുടെ ഭാഗമായി നീർമറി പ്രദേശാടിസ്ഥാനത്തിൽ സസ്യാവരണപോഷണത്തിന്റെ ഭാഗമായി വനവൽക്കരണം നടത്തുകയും, മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ക്ഷയിച്ച വനപ്രദേശങ്ങളിൽ പുനരുൽപ്പാദന സഹായകമായ പ്രവൃത്തികൾ നടത്തി സ്വാഭാവിക പ്രത്യുൽപ്പാദനം വർദ്ധിപ്പിച്ചും, തീയിൽനിന്നും, ദോഷകരികളായ മറ്റ് സസ്യങ്ങൾ നിർമ്മാർജ്ജനം ചെയ്തും, മുള, ഓട, ചന്ദനം കശുമാവ്, ഔഷധച്ചെടികൾ മുതലായ വിളകളുടെ തൈകൾ നട്ട് പോഷിപ്പിച്ചും വനങ്ങളിൽ മണ്ണുസംരക്ഷണ ജോലികൾ നടത്തിയുമാണ് പശ്ചിമഘട്ട വനങ്ങളുടെസംരക്ഷണം നടത്തിവരുന്നത്.

(ബി) കേരളത്തിലെ നനവാർന്ന ഇക്കോസിസ്റ്റം ക്ഷയിക്കാതെ കാലാകാലങ്ങളിലേക്ക് സംരക്ഷിക്കുവാനുദ്ദേശിച്ചുകൊണ്ടുള്ള നടപടികളാണെടുക്കുന്നത്. ഇതിന്റെ ഭാഗമായി തദ്ദേശ സസ്യങ്ങൾ നശിക്കാതെ അവയുടെ ആവാസ വന പ്രദേശങ്ങൾ സംരക്ഷിക്കുവാനും, മണ്ണൊലിപ്പ്, കാട്ടുതീ, കയ്യേറ്റം, മരംവെട്ട് എന്നിവമൂലം വനം ക്ഷയിക്കാതിരിക്കുവാനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

വനസംരക്ഷണത്തിന് പ്രത്യേക സേന

33. [1519] ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനനശീകരണം ഫലപ്രദമായി നേരിടുന്നതിന് വനപാലകർക്ക് വെടിവയ്ക്കാൻ അനുവാദം നൽകിയിട്ടുണ്ടോ ;

(ബി) എത്ര വനപാലകർക്ക് റൈഫിൾ പരിശീലനം നൽകി ;

(സി) ദുർഗ്ഗമമായ വനമേഖലകൾ സംരക്ഷിക്കാൻ കുതിര, ആന എന്നീ മൃഗങ്ങളെ ഉപയോഗിച്ച് പ്രത്യേക സേന രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ സേനയിൽ എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രെയിനിംഗിന്റെ ഭാഗമായി എല്ലാ വനപാലകർക്കും റൈഫിൾ പരിശീലനം നൽകുന്നുണ്ട്.

(സി) വനമേഖലകൾ സംരക്ഷിക്കാനുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദുർഗ്ഗമമായ അച്ചൻകോവിൽ പ്രദേശത്ത് ആന, കുതിര എന്നിവയെ ലഭ്യമാക്കിയിട്ടുണ്ട്. പ്രത്യേകസേന രൂപീകരിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തിന്റെ വന വിസ്തൃതി

34. [1520] ശ്രീ. വി. കേശവൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ വനത്തിന്റെ വിസ്തീർണ്ണം എത്രയായിരുന്നു ;

(ബി) ഇപ്പോഴത്തെ വിസ്തീർണ്ണം എത്ര ;

(സി) വനസർവേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വനമേഖലയുടെ കണക്ക് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly